Page 1 of 2

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2019 ഡിസംബർ 3-ന് ഒന്നാം ഘട്ടം പൂർത്തീകരിക്കേണ്ടതുണ്ടായിരുന്നോ; എങ്കിൽ പദ്ധതി നാളിതുവരെയായി പൂർത്തിയാകാത്ത സാഹചര്യത്തിൽ നിർമ്മാണത്തിന് ആവശ്യമായ പാറ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

2015 ഡിസംബർ 5-ന് നിർമ്മാണമാരംഭിച്ച വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 2019 ഡിസംബർ 3-ന് പൂർത്തീകരിക്കേണ്ടതായിരുന്നു. പദ്ധതിക്കാവശ്യമായ പാറയുടെ ലഭ്യതക്കുറവ് പരിഗണിച്ച് അദാനി കമ്പനി 2018 ഏപ്രിൽ മാസം മുതൽ 'dedicated' ക്വാറികൾ സ്ഥാപിച്ച് പാറ കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ ആരംഭിക്കുകയുണ്ടായി. ടി ഘട്ടം മുതൽ കരാർ കമ്പനി, ക്വാറികൾ സ്ഥാപിക്കുന്നതിനായി വിവിധ വകുപ്പ്/ഏജൻസികളിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ ആവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതിലേയ്ക്കായി സർക്കാർ വിവിധതലത്തിൽ അവലോകനയോഗങ്ങളും ആവശ്യമായ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. കൂടാതെ കേരളത്തിൽ മൂന്ന് ക്വാറികൾക്ക് അനുമതി നൽകിയിട്ടുണ്ട്. അയൽ സംസ്ഥാനത്തുനിന്നും അദാനി കമ്പനി പാറ സംഭരിച്ചുവരുന്നു. നാളിതുവരെ ഏകദേശം 25 ലക്ഷം മെട്രിക് ടൺ പാറ ശേഖരിച്ചിട്ടുണ്ട്. മൺസൂൺ സീസണിൽ പണി നടത്തുവാൻ സാങ്കേതിക തടസ്സമുള്ളതായി കമ്പനി അറിയിച്ചിട്ടുണ്ട്.

സഞ്ചാരത്തിലും ചരക്ക് കടത്തിലും തുറമുഖങ്ങളുടെ സാധ്യത

360 (970) ശ്രീ. എം. മുകേഷ്:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യാത്രക്കാരുടെ സഞ്ചാരത്തിനും ചരക്ക് കടത്തിനും സംസ്ഥാനത്തെ വൻകിടേതര തുറമുഖങ്ങളുടെ സാധ്യത വിനിയോഗിക്കാൻ മാരിടൈം ബോർഡ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ വികസനത്തിന്റെ ഭാഗമായി ബേപ്പൂർ, അഴീക്കൽ, കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങളിൽ ചാനൽ, ബേസിൻ, വാർഫ്, റീച്ച് സ്റ്റാക്കർ, ക്രെയിനുകൾ, ടഗ്ഗുകൾ, വെയിംഗ് മെഷീൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കണ്ണൂർ, അഴീക്കലിൽ ആധുനിക നിലവാരത്തിലുള്ള ഒരു തുറമുഖം നിർമ്മിക്കുന്നതിന് ഒരു പ്രത്യേക കമ്പനി രൂപീകരിച്ച് സാങ്കേതിക സാധ്യതാപഠനം, വിശദമായ പദ്ധതി രേഖ, പാരിസ്ഥിതിക പഠനം

LIBRARY ARCHIVES Kerala Legislative Assembly

എന്നിവ പൂർത്തിയാക്കുന്നതിന് ടെക്നിക്കൽ കൺസൾട്ടൻസിയെ നിയമിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൊല്ലം തുറമുഖത്ത് മൾട്ടി പർപ്പസ് ബർത്തിന്റെ നീളം 105 മീറ്ററായി വർദ്ധിപ്പിച്ചു. കൊല്ലം, ബേപ്പൂർ തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. ബേപ്പൂർ, കൊല്ലം തുറമുഖങ്ങളിൽ റോഡ്/റെയിൽ കണക്ടിവിറ്റി സ്ഥാപിക്കുന്നതിന് Techno-Economic Feasibility Report (TEFR) / Detailed Project Report (DPR) തയ്യാറാക്കുന്നതിന് Indian Port Rail Corporation Ltd. (ഐ.പി.ആർ.സി.എൽ.) എന്ന കേന്ദ്ര ഏജൻസിയെ ചുമതലപ്പെടുത്തി നടപടി സ്വീകരിച്ചുവരുന്നു.

(ബി) കൊച്ചി കഴിഞ്ഞാൽ ചരക്ക് നീക്കം കൈകാര്യം ചെയ്യുന്നതിലും യാത്രക്കാരുടെ എണ്ണത്തിലും മുന്നിലുള്ള ബേപ്പൂർ തുറമുഖത്തിന്റെ വികസനത്തിനായി നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ബേപ്പൂർ തുറമുഖത്തെ തിരക്ക് ഒഴിവാക്കുന്നതിനായി നിലവിലുള്ള വാർഫിന്റെ പടിഞ്ഞാറുഭാഗത്തായി 150 മീറ്റർ നീളത്തിലും കിഴക്കുഭാഗത്ത് 200 മീറ്റർ നീളത്തിലുമുള്ള പുതിയ വാർഫുകൾ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ട്. ഇതിന് ചെന്നൈ IIT പ്രാഥമിക പഠനം നടത്തിയിട്ടുണ്ട്. വലിയ കപ്പലുകൾ തുറമുഖത്ത് അടുപ്പിക്കുന്നതിനായി കപ്പൽ ചാനലിന്റെ ആഴം 6 മീറ്ററായി വർദ്ധിപ്പിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കി ധനകാര്യ, പ്ലാനിംഗ് വകുപ്പുകളുടെ അഭിപ്രായം തേടിയിട്ടുണ്ട്. കണ്ടെയ്നർ സൂക്ഷിക്കുന്നതിനും മറ്റുമായി പുതുതായി ഏറ്റെടുത്ത കോവിലകം ഭൂമിയിൽ ഗോഡൗണും, കണ്ടെയ്നർ സ്റ്റാക്കിംഗ് യാർഡും നിർമ്മിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

(സി) അന്താരാഷ്ട്ര കപ്പൽ ചാലിന്റെയും തലസ്ഥാന നഗരത്തിന്റെയും സാമീപ്യം നൽകുന്ന അവസരം പ്രയോജനപ്പെടുത്താനുതകുംവിധം വിഴിഞ്ഞം കാർഗോ തുറമുഖം വികസിപ്പിക്കാൻ നടപടിയെടുത്തിട്ടുണ്ടോ; ക്രൂ ചെയിഞ്ചിംഗിന് അനുമതി ലഭിച്ച സാഹചര്യം തുറമുഖ വികസനത്തിന് പ്രയോജനപ്പെടുത്തുവാൻ സാധ്യമായിട്ടുണ്ടോ എന്നറിയിക്കുമോ?

ഉണ്ട്. വിഴിഞ്ഞം തുറമുഖത്ത് നിലവിൽ ക്രൂ ചെയ്ഞ്ചിംഗ് പ്രവർത്തനം ഫലപ്രദമായി നടത്തിവരുന്നു. കഴിഞ്ഞ ഒരു വർഷമായി 350-ഓളം കപ്പലുകൾ ഇവിടെ ക്രൂ ചെയ്ഞ്ചിംഗ് നടത്തിയിട്ടുണ്ട്. ക്രൂ ചെയ്ഞ്ചിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചതിന്റെ ഭാഗമായി തുറമുഖത്ത് കസ്റ്റംസ്, എമിഗ്രേഷൻ, പോർട്ട്, ഹെൽത്ത് വിഭാഗങ്ങൾക്കായുള്ള ഫെസിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.